## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *243 — 20.3.2015 ൽ മറുപടിക്ക്

## ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി ബൽറാം<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29.5.2013 ലെ സ.ഉ(എം.എസ്) നം.230/13/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാ ക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്. |
| (സി) | ജനങ്ങളുടെ യാത്രാ ക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ